4. വാണിജ്യ നികുതി വകുപ്പിൽ 31-12-2015 വരെയുള്ള നികുതി കുടിശ്ശിക 6552.44 കോടി രൂപയാണ്. ഇതിൽ 95.97 കോടി രൂപ 31-12-2015 വരെ പിരിച്ചെടുത്തു.

(ഇ) വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹന വകുപ്പ്

30-6-2015-ലെ ഡി.സി.ബി. പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി. യുടെ വാഹനങ്ങളുടെ കുടിശ്ശികയാണ്.

ലാന്റ് റവന്യൂ വകുപ്പ്

2015 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് ലാന്റ് റവന്യൂ വകുപ്പിന്റെ കുടിശ്ശിക 152.33 കോടി രൂപയാണ്. ഇതിൽ പിരിക്കാവുന്ന മുതലിൽ കുടിശ്ശികയായ തുക 43.26 കോടി രൂപയും വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട് കുടിശ്ശികയായ തുക 109.07 കോടി രൂപയുമാണ്.

രജിസ്ട്രേഷൻ വകുപ്പ്

2015-16 സാമ്പത്തിക വർഷം ജനുവരി വരെയുള്ള കാലയളവിൽനിന്ന് അണ്ടർവാല്യുവേഷൻ ഇനത്തിൽ 35.96 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.

എക്സൈസ് വകുപ്പ്

അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് മുതലും പലിശയുമടക്കം നിലവിൽ 231.82 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

വാണിജ്യ നികുതി വകുപ്പ്

നികുതി കുടിശ്ശിക ഇനത്തിൽ 6456.47 കോടി രൂപപിരിഞ്ഞുകിട്ടാനുണ്ട്.

റബ്ബർ വില സ്ഥിരതാ പദ്ധതി

81 (1821) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് സർക്കാർ പ്രഖ്യാപിച്ച വില സ്ഥിരതാ പദ്ധതി കർഷകർക്ക് പ്രയോജനപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബർ സംഭരണം നടത്തിയ വകയിൽ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) റബ്ബർ സംഭരണത്തിൽ നിന്നും മാർക്കറ്റ്ഫെഡും റബ്ബർമാർക്കും പിൻമാറിയിട്ടുണ്ടോ; എങ്കിൽ പിൻമാറാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) വില സ്ഥിരതാ പദ്ധതി നടപ്പാക്കാൻ എത്ര തുക നീക്കി വച്ചു; എത്ര തുക ഇതുവരെ ചെലവാക്കി; പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേന നടക്കുന്ന റബ്ബർ സംഭരണത്തിൽ നിലവിൽ കുടിശ്ശിക ഇല്ല.

(സി) പിന്മാറിയിട്ടില്ല.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10-2-2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കാര്യക്ഷമമായി പുരോഗമിച്ചുവരികയാണ്.

റബ്ബർ സംഭരണം

82 (1822) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം നട്ടം തിരിയുന്ന റബ്ബർകർഷർകരെ സഹായിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 1 കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; വിലയിടിവിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നാമമാത്ര ചെറുകിട-വൻകിട റബ്ബർ കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; റബ്ബർ ഉത്പാദനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly